ഫലം അവർക്ക് ഭാവിതലമുറകൾ നൽകും. ഈ ഭാവിതലമുറകൾക്ക പറഞ്ഞുകൊടുത്തിട്ടുണ്ടായിരിക്കും, ചുററുമുള്ള ശൂന്യതയ്ക്കു നടുവിൽ, നമ്മുടെ കുന്നുകളിലും താഴ്‌വരകളിലും അപ്പോഴും ശേഷിക്കുന്ന പച്ചയുടെ ചെറുതുണ്ടുകൾ, വളരെ വലിയ അളവോളം, അട്ടപ്പാടിക്കാടുകളിൽ ചെന്ന് പിശാചതുല്യരായ വനംകൊള്ളക്കാരുടെ പരന്നുകിടക്കുന്ന പിടിവള്ളികൾക്കിടയിൽ സത്യത്തെ ആരായുന്നതിന്ന് അവർ നടത്തിയ നിസ്വാർത്ഥപരിശ്രമത്തിൻെറ ഫലമാണെന്ന്. കമ്മീഷനിലെ അംഗങ്ങളോടൊപ്പം ഞങ്ങളും പറയുന്നു: 'സാമൂഹ്യ—രാഷ്ട്രീയ സംവിധാനത്തെ നിയന്ത്രിക്കുന്നവർ തങ്ങളുടെ അത്യാഗ്രഹത്തിനു കടിഞ്ഞാണിടാൻ പഠിച്ചെങ്കിൽ മാത്രമേ, ഭൂമിയെ വീണ്ടും പച്ചയണിയിക്കുവാനും പരിസ്ഥിതിയെ ഗുണപ്പെടുത്താനും സാദ്ധ്യമാവൂ.'

(18 ജൂൺ, 1987)

# 45. എന്തിനു വോട്ടുചെയ്യണം?

ഈ തെരഞ്ഞെടുപ്പിൽ ഞാൻ വോട്ടുചെയ്യേക്കുകയില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിലും ഞാൻ വോട്ടുചെയ്യില്ല.

വോട്ടുചെയ്യാതിരിക്കുന്നതു്, തെരഞ്ഞെടുപ്പ് എന്ന പേരിൽ നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന വൃത്തികെട്ട രാഷ്ട്രീയപ്പൊറാട്ടുകളിയോടുള്ള എൻെറ പ്രതിഷേധം രേഖപ്പെടുത്താനാണ്.

പ്രതിഷേധം രേഖപ്പെടുത്താൻ എനിക്കുള്ള ഏകമാർഗം വോട്ടുചെയ്യാതിരിക്കലാണ്.

ഇന്ത്യ ഒരു റിപ്പബ്ലിക്കാണെന്നു പറയുന്നു. പരമാധികാരം ജനങ്ങളിൽ നിക്ഷേപിക്കപ്പെട്ട ഒരു രാഷ്ട്രമത്രേ റിപ്പബ്ലിക്. ഇതിനർത്ഥം, സിദ്ധാന്തപരമായി, പരമാധികാരത്തിൻെറ ഒരംശം ഓരോ പൗരനിലും നിക്ഷിപ്തമായിട്ടുണ്ട് എന്നാണ്. പരമാധികാരം നേരിട്ടു പ്രയോഗിക്കുവാൻ ഓരോ പൗരനും സാദ്ധ്യമല്ലാത്തതിനാൽ, ഓരോ നിയോജകമണ്ഡലത്തിലും ഭൂരിപക്ഷം വോട്ടർമാർ തെരഞ്ഞെടുക്കുന്ന നിയമസഭാംഗത്തിലൂടെ ഓരോ പൗരനും നേരിട്ടല്ലാതെ പരമാധികാരം ഉപയോഗപ്പെടുത്തി ഭരണത്തിൽ പങ്കെടുക്കുന്നു എന്നാണു തിയറി.

പക്ഷേ, എൻെറ പ്രതിനിധി ആരാവണം എന്നു തീരുമാനിക്കാൻ എനിക്ക് ഇന്നു കഴിവുണ്ടോ? ഏതെങ്കിലും ഒരു പൗരന് നമ്മുടെ ഇന്നത്തെ വ്യവസ്ഥിതിയിൽ ആ കഴിവുണ്ടോ?

ചെലവുള്ള ഏർപ്പാടാണു തെരഞ്ഞെടുപ്പ് പണം വാരിക്കോരി എറിയാൻ സന്നദ്ധതയുള്ളവർക്കേ സ്ഥാനാർത്ഥികളായി നിൽക്കുന്ന കാര്യം ആലോചിക്കാൻകൂടി പററൂ.

പണക്കാരല്ലാത്തവർക്കുകൂടി തെരഞ്ഞെടുക്കപ്പെടാൻ അവസരം ലഭിക്കുന്നതിനുവേണ്ടിയാണ് പാർട്ടി സമ്പ്രദായം പാശ്ചാത്യജനാധിപത്യരാജ്യങ്ങളിൽ ഉരുത്തിരിഞ്ഞുവന്നതു്. പാർട്ടികളുടെ ലക്ഷ്യമെന്തു്, പ്രവർത്തനശൈലിയെന്തു് എന്ന് എല്ലാവർക്കും അറിയാം. ഓരോ പാർട്ടിയും അതതു നിയോജകമണ്ഡലങ്ങളിൽ ആരെയാണു സ്ഥാനാത്ഥികളായി നിർത്തുക എന്നും ജനങ്ങൾക്കു വളരെ മുൻകൂട്ടി അറിയാം. സ്ഥാനാർത്ഥികളാകാൻ പോകുന്നവരുടെ രാഷ്ട്രീയവിശ്വാസങ്ങളും ചരിത്രവും സ്വഭാവശുദ്ധിയും സ്വഭാവവൈകൃതങ്ങളുമുണ്ടെങ്കിൽ അവയും, ജനങ്ങൾ വളരെ മുമ്പേ മനസ്സിലാക്കിയിരിക്കും. അതിനാൽ, തങ്ങൾക്ക്

ഏറെക്കുറെ സ്വീകാര്യമായ നയപരിപാടികൾ അംഗീകരിച്ച പാർട്ടിയെ പ്രതിനിധാനംചെയ്യുന്നവരും ഏറെക്കുറെ സ്വഭാവശുദ്ധിയുണ്ടെന്ന തങ്ങൾക്ക ബോദ്ധ്യം ഉള്ളവരുമായ സ്ഥാനാർത്ഥികൾക്ക വോട്ട നൽകാൻ പാശ്ചാത്യജനാധിപത്യങ്ങളിൽ ജനങ്ങൾക്ക കഴിയുന്നു. അവിടെയും ചിലപ്പോൾ വോട്ടർമാർക്ക കളിപ്പ പററാറുണ്ട്. പക്ഷേ, കളിപ്പപററാൻ സാദ്ധ്യത കുറവാണ്.

ഇന്ത്യയിൽ പാർട്ടികളുടെ കാലം കഴിഞ്ഞിരിക്കുന്നു. മുന്നണികളുടെ കാലമാണ് ഇവിടെ. ഓരോ മുന്നണിയിലുമുണ്ട് പല പാർട്ടികളും, പല ഒററയാന്മാരും. ഈ പാർട്ടികളിൽ മിക്കവയ്ക്കും വ്യക്തമായ രാഷ്ട്രീയ സിദ്ധാന്തങ്ങളില്ല. ചില വ്യക്തികളെ മഹത്ത്വപ്പെടുത്താനോ, ചില സ്വകാര്യവൈരങ്ങൾ തീർക്കുന്നതിനോ ചില ജാതികളുടെയോ, മതങ്ങളുടെയോ, പ്രാദേശികതയുടെയോ മറേറതെങ്കിലും ഇടുങ്ങിയ പരിഗണനയുടെയോ പേരിലോ തല്ലിപ്പടച്ചുണ്ടാക്കിയവയാണ് നമ്മുടെ മിക്ക പാർട്ടികളും. ഇത്തരം പല പാർട്ടികളും കുറെ ഒററയാന്മാരും ചേർന്നവയാണ് നമ്മുടെ മുന്നണികൾ.

ഇവരുടെ സ്ഥാനാർത്ഥികളോ? നാമനിർദേശപത്രം പിൻവലിക്കാനുള്ള ദിവസം കഴിഞ്ഞു്, സ്ഥാനാർത്ഥികളുടെ പേരു തെരഞ്ഞെടുപ്പ കമ്മീഷൻ പ്രഖ്യാപിച്ചുകഴിയുംവരെ, ഏതു മുന്നണിയുടെ പേരിൽ, ഏതു നിയോജകമണ്ഡലത്തിൽ ആരാണ സ്ഥാനാർത്ഥിയായി നിൽക്കുക എന്ന തീർച്ചയായി ആർക്ക പറയാനാവും?

വോട്ട നേടാൻ സാദ്ധ്യതയുള്ളവരെയാണ മുന്നണികൾ തങ്ങളുടെ സ്ഥാനാർത്ഥികളായി അംഗീകരിക്കുക എന്നാണ പറയാറു്. ആർക്കാണ വോട്ട നേടാൻ സാദ്ധ്യത? സത്യസന്ധതയ്ക്കോ, നീതിബോധത്തിനോ, സേവനപാരമ്പര്യത്തിനോ ഇവിടെ വല്ല പരിഗണനയുമുണ്ടോ?

തെരഞ്ഞെടുപ്പിനു പെരുത്ത ചെലവുണ്ട്. ചെലവിൽ ഒരു പങ്കെങ്കിലും വഹിക്കാൻ കഴിവുള്ള ആളാവണമെന്നതാണ സ്ഥാനാർത്ഥിയുടെ ഒന്നാമത്തെ യോഗ്യത. ഇതിന് ഇന്നത്തെ പരിതഃസ്ഥിതിയിൽ അർത്ഥം, സ്ഥാനാർത്ഥിയുടെ സ്വന്തമായി, അല്ലെങ്കിൽ അയാളുടെ വരുതിയിൽ ധാരാളം കള്ളപ്പണം ഉണ്ടായിരിക്കണമെന്നാണ്.

സ്ഥാനാർത്ഥികളായി നിങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന ഓരോരുത്തരെയും ശ്രദ്ധിച്ചുനോക്കുക. കരിഞ്ചന്ത നടത്തിയോ, കോൺട്രാക്ററുകളിൽ സർക്കാരിനെ പററിച്ചോ, കള്ളച്ചാരായം വിററോ, കൈക്കൂലി വാങ്ങിയോ, മററ് അന്യായമാർഗങ്ങളിലൂടെയോ കണക്കററ പണം നേടിയവർക്കോ, അത്തരക്കാരുടെ സ്വന്തക്കാർക്കോ, വോട്ട നൽകുകയില്ലെന്ന വോട്ടർമാർ തീരുമാനിച്ചാൽ പല നിയോജകമണ്ഡലങ്ങളിലും ഒരു സ്ഥാനാർത്ഥിക്കും (അവർ ഏതു മുന്നണിയിലോ, പാർട്ടിയിലോ ചേർന്നവരോ വ്യക്തികളോ ആയാലും) ഒരൊററ വോട്ടും കിട്ടാതിരിക്കാനാണ് ചാൻസ്.

നേരിട്ട തെരഞ്ഞെടുപ്പിനു നിൽക്കാൻ ആഗ്രഹിക്കാത്ത വൻകിട കരിഞ്ചന്ത—കള്ളക്കടത്ത്—കള്ളച്ചാരായം—കൊള്ള—വീരന്മാർ സ്വന്തം ശമ്പളക്കാരെ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായി നിർത്തുന്നതിനെപ്പററി നാം ധാരാളം കേട്ടിട്ടുണ്ട്. ജയിച്ച നിയമസഭാംഗമോ, മന്ത്രിയോ ആയിക്കഴിഞ്ഞാൽ ഇവർ അധികാരം എങ്ങനെയാണ് ഉപയോഗിക്കുക എന്ന് ഊഹിക്കാവുന്നതേയുള്ളു.

പണം വാരിയെറിഞ്ഞു മാത്രം ഒരു തെരഞ്ഞെടുപ്പിലും ജയിക്കാനാവില്ല. തെരഞ്ഞെടുപ്പിനു മുമ്പു വമ്പിച്ച ശക്തിപ്രകടനങ്ങൾ സംഘടിപ്പിച്ച ഭൂമി കലുക്കി ജനങ്ങളെ വിഭ്രമിപ്പിക്കണം. നഗരങ്ങളിലെ അധോലോകത്തെ, തെമ്മാടികളെയും തെണ്ടികളെയും സ്ഥിരം കുററവാളികളെ

യും രംഗത്തിറക്കാൻ കഴിവുള്ളവരുടെ 'ശക്തിപ്രകടന'ങ്ങളാവും ഏററവും മികച്ചവ. ഏററവുമധികം സമയം ഗതാഗതതടസ്സമുണ്ടാക്കുന്നവ, ജനങ്ങളെ ഏററവും അധികം ദ്രോഹിക്കുന്നവ, എത്ര ബസ്സുകൾ കത്തി, എത്ര എണ്ണം കല്ലേറുകൊണ്ടു തകർന്നു എന്നൊക്കെ നോക്കിയാണല്ലോ നാം പ്രകടനങ്ങളുടെ 'വിജയം' കണക്കാക്കുന്നതു്. ഇക്കാരണത്താൽ ഏതു മുന്നണിയുടെയും സ്ഥാനാർത്ഥിപ്പട്ടികകളിൽ കള്ളന്മാർ, കുററവാളികൾ, മുൻകൊലക്കേസ് പ്രതികൾ, കാലുമാററക്കാർ, കടുത്ത വർഗീയവാദികൾ മുതലായവരെ നിങ്ങൾക്കു കാണാം. വിമാനറാഞ്ചികൾവരെ ഇന്ത്യയിൽ തെരഞ്ഞെടുപ്പിനു നിന്നിട്ടുണ്ടു്, ജയിച്ചിട്ടുമുണ്ടു്.

തെരഞ്ഞെടുപ്പുകൾ നടക്കുന്നതിനു് ഏതാനും ദിവസംമുമ്പു മാത്രമാണു മുന്നണികൾ തങ്ങളുടെ ഈ സ്ഥാനാർത്ഥികളെ നമ്മുടെ മുമ്പിൽ പ്രദർശനത്തിനു നിരത്തുന്നതു്. അവരിൽ ഏതെങ്കിലും ഒരാൾക്കു വോട്ടു കൊടുക്കാനുള്ള അധികാരമാണു നമ്മുടെയെല്ലാം പരമാധികാരം!

ഇതു ജനാധിപത്യമല്ല. ഇതു വേറെ എന്തോ ആണു്. ഇതു ശുദ്ധ തട്ടിപ്പാണു്.

ജനാധിപത്യത്തിൽ, സ്വന്തം പ്രതിനിധി ആരായിരിക്കണമെന്നു നിശ്ചയിക്കാനുള്ള പ്രാഥമികമായ അധികാരം ജനങ്ങളിൽ നിക്ഷിപ്തമായിരിക്കണം.

തെരഞ്ഞെടുപ്പു പ്രക്രിയ അഞ്ചോ, ആറോ മാസം മുമ്പു തുടങ്ങണം. ഓരോ നിയോജകമണ്ഡലത്തിലുമുള്ള വ്യത്യസ്ത സംഘടനകൾ, തങ്ങളുടെ പ്രതിനിധി ആരാവണമെന്നു നിർദ്ദേശിക്കണം. ഒടുവിൽ, കൂടുതൽ അംഗീകാരം ലഭിക്കുന്ന വ്യക്തികളെ പാർട്ടികൾ സ്ഥാനാർത്ഥികളാക്കി നിർത്തണം. ഈ വ്യക്തികളുടെ സ്വഭാവശുദ്ധിയെപ്പററി ജനങ്ങൾക്കു പൂർണബോദ്ധ്യം ഉണ്ടായിരിക്കണം.

ഒരിക്കൽ തെരഞ്ഞെടുക്കപ്പെട്ട സ്ഥാനാർത്ഥി കൂറുമാറുകയോ, അഴിമതി പ്രവർത്തിക്കുകയോ ചെയ്താൽ, അയാളെ തിരിച്ചു വിളിക്കാനുള്ള അധികാരം അതതു നിയോജകമണ്ഡലത്തിലെ വോട്ടർമാർക്കു് ഉണ്ടായിരിക്കണം. ഒരു നിയോജകമണ്ഡലത്തിലെ വോട്ടർമാരിൽ ഒരു നിശ്ചിത ശതമാനം (അഞ്ചു ശതമാനം എന്നുവയ്ക്കുക) രേഖാമൂലമായി ആവശ്യപ്പെട്ടാൽ, ആ സ്ഥാനാർത്ഥി നിശ്ചിതകാലത്തിനകം സ്വന്തം നിയോജകമണ്ഡലത്തിൽ ഒരു വിശ്വാസവോട്ടെടുപ്പിനു വിധേയനാകണമെന്നു നിയമമുണ്ടാവണം.

ദീർഘകാലത്തെ പൊതുസേവനത്തിലൂടെ സ്വന്തം യോഗ്യത തെളിയിച്ചവരും, സ്വഭാവശുദ്ധിയുണ്ടെന്നു നിങ്ങൾക്കു പൂർണബോദ്ധ്യമുള്ളവരുമായ സ്ഥാനാർത്ഥികൾ നിങ്ങളുടെ നിയോജകമണ്ഡലത്തിലുണ്ടെങ്കിൽ നിങ്ങൾ ഭാഗ്യവാന്മാർ. തീർച്ചയായും അവർക്കു വോട്ടുചെയ്യുക.

മറിച്ചു്, ശക്തിപ്രകടനങ്ങളിലൂടെ നിങ്ങളെ അമ്പരപ്പിച്ചു്, നിങ്ങളുടെ വിവേചനബുദ്ധി തൽക്കാലത്തേക്കു നശിപ്പിച്ചു്, തെരഞ്ഞെടുപ്പുപനിയുടെ കാലാവസ്ഥ സൃഷ്ടിച്ചു്, വർഗീയവികാരങ്ങൾ ആളിക്കത്തിച്ചു്, ചാരായം തെരുവിൽ ഒഴുക്കി, വോട്ടിനു നിങ്ങളെ സമീപിക്കുന്ന സ്വഭാവശുദ്ധിയില്ലാത്ത, അഴിമതിക്കാരായ സ്ഥാനാർത്ഥികൾക്കു് അവരുടെ പാർട്ടിയോ, മുന്നണിയോ ഏതായാലും വോട്ടു നൽകാതിരിക്കുക!

നിങ്ങളുടെ നീതിബോധത്തിനിണങ്ങുന്ന ഒരു സ്ഥാനാർത്ഥി നിങ്ങളുടെ നിയോജകമണ്ഡലത്തിൽ ഇല്ലെങ്കിൽ, നിങ്ങൾ വോട്ടുചെയ്യുകയില്ലെന്നു തുറന്നു പ്രഖ്യാപിക്കുക!

ഞാൻ അതാണു ചെയ്യാൻ പോകുന്നതു്. കേട്ടോ. കാരണം, എന്റെ പേർ വോട്ടർപട്ടികയിലുള്ള നിയോജകമണ്ഡലത്തിൽ അത്തരം ഒരു സ്ഥാനാർത്ഥി ഉണ്ടായിരിക്കുകയില്ലെന്നു് ഏതാണ്ടു് ഉറപ്പായിരിക്കുന്നു.